"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിലെ ഐ.എ.വൈ. ഗുണഭോക്താവായിരുന്ന ശ്രീമതി.വിജയ ഷാജി (നെല്ലിപ്പറമ്പിൽ വീട്, മറ്റത്തൂർ) കൈപ്പറ്റിയ തുകയും പലിശയും ഒഴിവാക്കി, വീട് വിൽക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (ഡി ഡി ) വകുപ്പ്

സ.ഉ.(സാധാ) നം.967/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/05/2021

പരാമർശം:- ഗ്രാമ വികസന കമ്മീഷണറുടെ 22.02.2021 ലെ 1019/എച്ച് & ടി4/2021/സിആർഡി നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിലെ 2009-2010 സാമ്പത്തിക വർഷത്തിലെ ഐ.എ.വൈ. ഗുണഭോക്താവായിരുന്ന ശ്രീമതി.വിജയ ഷാജി (നെല്ലിപ്പറമ്പിൽ വീട്, മറ്റത്തൂർ) എന്നയാൾക്ക് 75,000/- രൂപ ധനസഹായമായി അനുവദിക്കുകയും ടിയാൾ തുക പൂർണ്ണമായും കൈപ്പറ്റി വീട് പണി പൂർത്തീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ, ഇപ്പോൾ ടിയാൾ അസുഖം ബാധിതയും രണ്ടുകാലും മുറിച്ച് മാറ്റേണ്ട അവസ്ഥയിലുമാണ് എന്നും ചികിത്സയുടെ ഭാരിച്ച ചെലവും കടബാധ്യതയും താങ്ങുവാൻ ടിയാന് വീട് വിൽക്കേണ്ട സ്ഥിതിയിലാണ് എന്നും ഈ സാഹചര്യത്തിൽ കൈപ്പറ്റിയ തുകയും പലിശയും ഉൾപ്പെടെയുള്ള തുക തിരിച്ചടയ്ക്കാനുള്ള സാമ്പത്തിക സ്ഥിതി ഇല്ലാത്തതിനാൽ ടിയാളുടെ ആരോഗ്യസ്ഥിതിയും സാമ്പത്തിക പിന്നോക്കാവസ്ഥയും കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീമതി.വിജയ ഷാജി കൈപ്പറ്റിയ തുകയും പലിശയും ഒഴിവാക്കി, വീട് വിൽക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം പ്രകാരം ഗ്രാമ വികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ശ്രീമതി.വിജയ ഷാജിയുടെ ആരോഗ്യസ്ഥിതിയും സാമ്പത്തിക പിന്നോക്കാവസ്ഥയും കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകിയും ഗ്രാമ വികസന കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിലെ 2009-2010 സാമ്പത്തിക വർഷത്തിലെ ഐ.എ.വൈ. ഗുണഭോക്താവായിരുന്ന ശ്രീമതി.വിജയ ഷാജി (നെല്ലിപ്പറമ്പിൽ വീട്, മറ്റത്തൂർ) കൈപ്പറ്റിയ തുകയും പലിശയും ഒഴിവാക്കി, വീട് വിൽക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ് :ഗ്രാമ വികസന കമ്മിഷണർ,തിരുവനന്തപുരം

ശ്രീമതി.വിജയ ഷാജി, നെല്ലിപ്പറമ്പിൽ വീട്, മൂലം കടം, മറ്റത്തൂർ, തൃശ്ശൂർ-680684

പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ ( ആഡിറ്റ് / എ & ഇ ),തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ

ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2021.05.07 11:21:22 IST
Reason: Approved

സെക്ഷൻ ഓഫീസർ